# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2019 JULY | Volume: X | No: I


## Pope Francis chooses Marian theme for World Youth Day



Vatican City: Meeting a group of young people in the Vatican, Pope Francis announced the theme of the World Youth Days in Lisbon in 2022. The theme of the 2022 World Youth Days in Lisbon will be "Mary rose and went with haste" (Lk 1:39), Pope Francis said June 22 while meeting some 250 youths from more than 100 countries.

The young people were in Rome participating in the XI International Youth Forum, which focused on the theme of "Youth in action in a synodal Church." Recalling World Youth Day in Panama, Pope Francis called on young people to prepare for the next World Youth Day by meditating on two scriptural passages from Lk 7:14: "Young man, I say to you, Arise!" and a re-working of Acts 26:16, "Stand up. I appoint you as a witness of what you have seen." Francis said he hopes there will be a "harmonious connection" between the journey to the Lisbon World Youth Day, and the post-synodal journey.

## ക്രിസ്തുവിലേക്കു തിരിയുന്നില്ലങ്കിൽ രാജ്യം നശിക്കും: പോളണ്ടിൽ ഇനി ഓരോ വർഷവും കുരിശിന്റെ വഴിയിലെ ഓരോ സ്ഥലങ്ങൾ

ലോകരക്ഷകനായ യേശുക്രിസ്തു തന്റെ രക്ഷാകര പദ്ധതി പൂർത്തിയാക്കിട്ട് രണ്ടായിരം വർഷം കഴിഞ്ഞിട്ടും രാജ്യങ്ങളും കുടുംബങ്ങളും വ്യക്തികളും ഇനിയും ക്രിസ്തുവിലേക്കു തിരിയുന്നില്ലങ്കിൽ അവർ നാശത്തിന്റെ വക്കിലാണ് എന്ന സത്യം തിരിച്ചറിഞ്ഞ് പോളണ്ട് 14 വർഷങ്ങൾ നീണ്ടുനിൽക്കുന്ന അനുതാപ പ്രവർത്തികൾക്ക് തുടക്കം കുറിച്ചു. മാതാവിന്റെ പ്രത്യക്ഷീകരണം കൊണ്ട് പ്രശസ്തമായ ഗിയട്രസ്സ്വാൾഡിൽ വെച്ച് ജൂലൈ ഒന്നിനായിരുന്നു അനുതാപ പ്രാർത്ഥനയുടെ ആരംഭം.



ഇനിമുതൽ പോളണ്ടിൽ ഓരോ വർഷത്തെയും കുരിശിന്റെ വഴിയിലെ ഒരു സ്ഥലമായിട്ടായിരിക്കും കണക്കാക്കുക. ഇപ്രകാരം ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിയുടെ 2000-മത് വാർഷികമായ 2033-ൽ എത്തുമ്പോഴേക്കും കുരിശിന്റെ വഴിയിലെ പതിനാലു സ്ഥലങ്ങളും പിന്നിട്ടിരിക്കും.

നൂറുകണക്കിന് വിശ്വാസികളാണ് പരിഹാര പ്രാർത്ഥനയുടെ സമാരംഭത്തിൽ പങ്കെടുക്കുവാൻ എത്തിയത്. സാത്താന്റെ കുടിലതകൾ തിരിച്ചറിയുക, പാപങ്ങളെക്കുറിച്ച് ബോധവാൻമാരാകുകയും, ചെയ്തുപോയ തെറ്റുകൾക്ക് പാപരിഹാരം ചെയ്യുകയും ദൈവത്തോട് ക്ഷമ യാചിക്കുകയും ചെയ്യുക, പാപത്തിൽ നിന്നും അകന്ന് നടക്കുക എന്നിവ തങ്ങളുടെ ജീവിതക്രമത്തിന്റെ ഭാഗമാക്കാൻ നിരവധി വിശ്വാസികൾ തീരുമാനമെടുത്തു.

ആത്മാർത്ഥമായ കുമ്പസ്സാരം, ജീവിതത്തിന്റെ പുരോഗതിക്കും, മാനസാന്തരത്തിനും വേണ്ടിയുള്ള പരിഹാരം എന്നിവയാണ് 14 വർഷങ്ങൾ നീണ്ടുനിൽക്കുന്ന അനുതാപ പ്രാർത്ഥനയുടെ ലക്ഷ്യങ്ങളെന്ന് പ്രാർത്ഥനാ പരിപാടിയുടെ സംഘാടകരിൽ ഒരാളായ ജോവാന്ന സ്വാലാട്ട പറഞ്ഞു. ക്രിസ്തുവിലേക്ക് തിരിഞ്ഞില്ലെങ്കിൽ തങ്ങളുടെ രാജ്യം നശിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

"എന്റെ തിരുമുറിവുകളെക്കുറിച്ച് ഓർക്കു ന്നത് നിനക്ക് ഗുണകരവും എനിക്ക് ആനന്ദകരവുമാണ്" എന്ന വിശുദ്ധ ഫൗസ്റ്റീനയോടുള്ള കർത്താവിന്റെ വാക്കുകളിൽ നിന്നും പ്രചോദനം ഉൾകൊണ്ട് കൊണ്ട് അനുതാപ പ്രാർത്ഥനക്ക് പുറമേ, ഓരോ വർഷവും യേശുവിന്റെ പീഡാസഹനങ്ങളെ കുറിച്ചുള്ള ധ്യാനവും, ദിവ്യകാരുണ്യത്തിന്റേയും, ജപമാലരഹസ്യങ്ങളുടേയും പ്രാർത്ഥനയും, ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ലുത്തിനിയയും ഉണ്ടായിരിക്കും.

സമീപകാലങ്ങളിലായി പോളണ്ട് തങ്ങളുടെ കത്തോലിക്കാ വ്യക്തിത്വം വീണ്ടെടുക്കുന്നതിനുള്ള ശക്തമായ ശ്രമങ്ങളിലാണ്. സർവ ലോകങ്ങളുടെയും രാജാധിരാജനായ യേശുക്രിസ്തുവിനെ അടുത്ത കാലത്ത് പോളണ്ട് തങ്ങളുടെ രാജ്യത്തിന്റെ രാജാവായി ഔദ്യോഗികമായി അംഗീകരിച്ചിരുന്നു.

## എഡിറ്റോറിയൽ

**കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ ക്രൈസ്തവ സമുദായം കാലങ്ങളായി നേരിടുന്ന അവഗണന തുടരുകയാണ്. പദ്ധതികളും നിർദ്ദേശങ്ങളും ന്യൂനപക്ഷത്തിലെ ഭൂരിപക്ഷസമുദായത്തിനുമാത്രമായി തീറെഴുതി കൊടുത്തിട്ട് ക്രൈസ്തവ സ്നേഹം പ്രസംഗിക്കുകയാണ് പലപ്പോഴും അധികാരകേന്ദ്രങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും. തമ്മിലടിച്ചും പോരടിച്ചും വിഘടിച്ചുനിൽക്കുന്ന ക്രൈസ്തവനേതൃത്വങ്ങൾ സ്വന്തം സമുദായത്തിലെ ജനവിഭാഗങ്ങൾക്കുവേണ്ടി ശബ്ദിക്കുവാനോ ക്രിയാത്മക ഇടപെടലുകൾ നടത്താനോ ശ്രമിക്കാതെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുന്നു. ഭീകരവാദങ്ങളും വർഗീയ ശക്തീകരണവും രാഷ്ട്രീയ മാറ്റങ്ങളും വിവിധ കോണുകളിൽ നിന്ന് ആഞ്ഞടിക്കുമ്പോൾ ലോകം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ക്രൈസ്തവ സമൂഹത്തെ ഇന്ത്യയുടെ മണ്ണിൽനിന്ന് കാലക്രമേണ തുടച്ചുനീക്കുവാനുള്ള ആസൂത്രിതനീക്കങ്ങൾ അണിയറയിലും പുറത്തും അരങ്ങേറുന്നത് എത്രനാൾ നാം കണ്ടില്ലെന്നു നടിക്കും?**

# ന്യൂനപക്ഷ ക്ഷേമങ്ങൾ ഒരു കൂട്ടർക്ക് ആക്ഷേപങ്ങൾ മുഴുവൻ ക്രിസ്ത്യാനിക്ക്

**പൗ**രന്മാർക്കു വാഗ്ദാനം ചെയ്യുന്ന തുല്യതയ്ക്കൊപ്പം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സംരക്ഷണവും ന്യൂനപക്ഷ അവകാശങ്ങളിന്മേൽ ഉറപ്പും നൽകുന്നതാണ് ഇന്ത്യൻ ഭരണഘടന. 1992ലാണ് ന്യൂനപക്ഷങ്ങൾക്കായുള്ള ദേശീയ കമ്മീഷൻ പ്രവർത്തനം ആരംഭിക്കുന്നത്. തുടർന്ന് 1993 ഒക്ടോബർ 22ന് പ്രസിദ്ധീകരിച്ച എക്സ്ട്രാ ഓർഡിനറി ഗസറ്റിലൂടെ ന്യൂനപക്ഷം എന്ന നിർവചനത്തിൽ വരുന്ന മതവിഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു. അതുപ്രകാരം മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി വിഭാഗങ്ങളാണ് രാജ്യത്ത് ന്യൂനപക്ഷ മതവിഭാഗങ്ങൾ. 2014 ജനുവരി 27ന് പ്രസിദ്ധീകരിച്ച മറ്റൊരു അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ ജൈനവിഭാഗത്തെയും ന്യൂനപക്ഷത്തിൽ ഉൾപ്പെടുത്തി. 2006ൽ ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു മാത്രമായി മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള യുപിഎ സർക്കാർ ന്യൂനപക്ഷകാര്യമന്ത്രാലയം സ്ഥാപിച്ചു. 2008ൽ കേരളത്തിൽ പൊതുഭരണവകുപ്പിനു കീഴിൽ ന്യൂനപക്ഷസെൽ പ്രവർത്തനം ആരംഭിക്കുകയും ക്രമേണ ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുകയും ചെയ്തു. 2014ൽ മാത്രമാണ് കേരളത്തിൽ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വരുന്നത്.

### ക്രിസ്ത്യാനികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ

ക്രിസ്ത്യാനികളിൽ വളരെ വലിയ ഒരു വിഭാഗം കർഷകരും മത്സ്യതൊഴിലാളികളുമാണ്. കാർഷിക വിളകളുടെ വിലത്തകർച്ച, പ്രകൃതി ക്ഷോഭം മൂലം കൃഷി നശിക്കുന്ന അവസ്ഥ എന്നിവമൂലം കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. **കാർഷിക വായ്പ എടുത്ത് കടക്കെണിയിലായ ഒട്ടേറെപ്പേർ ക്രൈസ്തവ സമുദായത്തിലുണ്ട്.** മത്സ്യതൊഴിലാളികളുടെ അവസ്ഥയും വിഭിന്നമല്ല. കടൽ ക്ഷോഭവും വറുതിയും മൂലം പരമ്പരാഗത തൊഴിൽ ഉപേക്ഷിക്കേണ്ട അവസ്ഥയിലാണ് പലരും. വള്ളവും വലയും വാങ്ങാൻ വായ്പ എടുത്തവർ കടക്കെണിയിലായിരിക്കുന്നു. കടലാക്രമണത്തിൽ കയറിക്കിടക്കാനുള്ള വീടുപോലും നഷ്ടപ്പെട്ടവർ ഒട്ടേറെയാണ്.

പട്ടിണി കിടന്നാണെങ്കിലും കിടപ്പാടം പണയപ്പെടുത്തിയാണെങ്കിലും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്നത് ക്രൈസ്തവ സമൂഹത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മറ്റു ചില ന്യൂനപക്ഷ വിഭാഗങ്ങളുടേതുപോലെ ക്രൈസ്തവ സമൂഹത്തിൽ കാണാൻ സാധിക്കില്ല, എന്നാൽ **വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാഭ്യാസ വായ്പ എടുത്തവർ പലരും അത് തിരിച്ചടയ്ക്കാൻ പണം ലഭിക്കുന്ന വിധത്തിലുള്ള ഒരു ജോലി ലഭിക്കാതെയും ഇതരവരുമാനങ്ങളില്ലാതെയും ബുദ്ധിമുട്ടുകയാണ്.**

**തൊഴിൽ രഹിതരുടെ എണ്ണം ക്രൈസ്തവ സമൂഹത്തിൽ വർധിച്ചിട്ടുണ്ട് എന്നത് ആശങ്ക ഉളവാക്കുന്നു.** ക്രൈസ്തവ യുവാക്കൾക്കിടയിൽ സംരംഭകത്വം വളർത്താൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് അടിയന്തരമാണ്.

**മുപ്പതുവയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ യുവാക്കന്മാരുടെ എണ്ണം ക്രൈസ്തവ സമൂഹത്തിൽ അനുദിനം വർധിച്ചു വരുന്നു എന്നത് ലെയ്റ്റി കൗൺസിലിന്റെ പഠനത്തിൽ വ്യക്തമായിട്ടുണ്ട്.** സാമ്പത്തികമായ പിന്നോക്കാവസ്ഥയാണ് ഈ പ്രവണതയുടെ കാരണമെന്ന് കൗൺസിൽ വിലയിരുത്തിയിട്ടുണ്ട്,

**വിവാഹിതരായ ക്രൈസ്തവർക്കിടയിൽ കുട്ടികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്.** ജീവിത ചിലവ് വർധിച്ചു വരുന്ന പശ്ചാത്തലത്തിൽ സാമ്പത്തിക പിന്നോക്കാവസ്ഥമൂലം കുട്ടികളുടെ എണ്ണം കുറയ്ക്കാൻ നിർബന്ധിതരാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെയും ന്യൂനപക്ഷ കമ്മീഷന്റെയും അടിയന്തിര ശ്രദ്ധ മേൽ വിഷയങ്ങളിൽ പതിയേണ്ടിയിരിക്കുന്നു.




### സാമൂഹിക പിന്നോക്കാവസ്ഥ

സർക്കാർ സർവീസിലുള്ള പ്രതിനിധ്യക്കുറവ് സാമൂഹിക പിന്നോക്കാവസ്ഥയായാണല്ലോ പരിഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. **കഴിഞ്ഞ പത്തുവർഷത്തെ പിഎസ്സി നിയമനങ്ങൾ പരിശോധിച്ചാൽ ക്രൈസ്തവ സമുദായത്തിൽ നിന്നുള്ളവർ കുറവാണെന്ന് കാണാം.** ഈയവസ്ഥ തുടർന്നാൽ സർക്കാർ സർവീസുകളിൽ നിന്ന് വരുംനാളുകളിൽ ക്രൈസ്തവർ അപ്രത്യക്ഷരാകും.

നാട്ടിൽ തൊഴിൽചെയ്തു ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട് പ്രവാസികളാകാൻ വിധിക്കപ്പെടുന്നവരിൽ ഏറിയ പങ്കും ക്രൈസ്തവ സമുദായത്തിൽനിന്നാണ്. കുടുംബങ്ങളിൽ വൃദ്ധരായ മാതാപിതാക്കൾ മാത്രമാവുന്ന

സാഹചര്യം തന്മൂലം സൃഷ്ടിക്കപ്പെടുന്നു. സമുദായത്തിലെ വലിയൊരു വിഭാഗത്തെ ഇത് സാമൂഹികമായ അരക്ഷിതാവസ്ഥ യിലേക്കും പിന്നോക്കാവസ്ഥയിലേക്കും മാനസിക സംഘർഷത്തി ലേയ്ക്കും എത്തിച്ചിരിക്കുന്നു.

## ന്യൂനപക്ഷ ക്ഷേമപദ്ധതികൾ നിഷേധിക്കപ്പെടുന്നു

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ വിവിധ സംസ്ഥാനങ്ങളിൽ ജനസംഖ്യാനുപാതികമായാണ് വിതരണം ചെയ്യുന്നത്. എന്നാൽ കേരളത്തിൽ 80 ശതമാനം മുസ്ളീം ന്യൂനപക്ഷത്തിനും 20 ശതമാനം മറ്റെല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും എന്ന അനുപാതം നീതിപൂർവ്വമല്ല എന്നത് വിവരാവകാശ രേഖകളിലൂടെ ലെയ്റ്റി കൗൺസിലിന് ബോധ്യമായിട്ടുള്ളതാണ്. തികച്ചും അശാസ്ത്രീയമായ ഈ അനുപാതം പിന്തുടരുന്നതിലൂടെ ക്രൈസ്തവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ് ചെയ്തുകൊണ്ടി രിക്കുന്നത്. **ചുരുക്കിപ്പറഞ്ഞാൽ ഭരണഘടനയും നിയമങ്ങളും ഉറപ്പുനൽകുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ന്യൂന പക്ഷ ക്ഷേമപദ്ധതികളൊന്നടങ്കം തീറെഴുതിയെടുക്കുന്നത് മുസ്ലീം സമുദായമാണെന്നിരിക്കെ ഇതിന്റെ പേരിൽ നിരന്തര മുള്ള ആക്ഷേപങ്ങൾ മുഴുൻ ക്രിസ്ത്യാനിക്കുമെന്ന ദുരവസ്ഥ യാണിന്ന്.**

ന്യൂനപക്ഷങ്ങൾക്കായുള്ള പ്രത്യേക കോച്ചിംഗ് സെന്ററുകൾ അനുവദിച്ചിരിക്കുന്നതിൽ ഒരെണ്ണം പോലും ക്രൈസ്തവ സമുദായത്തിന് ലഭിച്ചിട്ടില്ല. മുസ്ളീം സംഘടനകൾ നടത്തുന്ന സെന്ററുകളിൽ 100 പേരുടെ ബാച്ചിൽ 80 മുസ്ലിങ്ങൾക്ക് പ്രവേശനം നൽകുമ്പോൾ വിവിധ ക്രൈസ്തവ വിഭാഗങ്ങളിലെ 20 പേർക്ക് മാത്രമാണ് അവസരം ലഭിക്കുന്നത്. മുസ്ളീം സംഘടനകളുടെ നിയന്ത്രണത്തിലുള്ള സെന്ററുകളിൽ ചുരുക്കം സീറ്റുകൾ അനുവദിക്കുന്നതിന് പകരം ക്രിസ്ത്യൻ സംഘടനകളുടെ നിയന്ത്രണത്തിൽ പൂർണമായും ക്രിസ്ത്യാനികൾക്ക് മാത്രമായി നടത്തുന്ന കോച്ചിംഗ് സെന്ററുകൾ അനുവദിക്കാൻ മനസുവെച്ചാൽ സർക്കാരിനാകും.

## ലെയ്റ്റി കൗൺസിൽ സർവ്വേ

ക്രൈസ്തവ സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയെക്കുറിച്ച് പ്രാഥമിക വിവരങ്ങൾ ലഭ്യമാക്കാൻ സിബിസിഐ ലെയ്റ്റി കൗൺസിൽ നടത്തിയ ഒറ്റദിവസത്തെ (one day) ഓൺലൈൻ സർവേയിൽ ലഭ്യമായ വിവരങ്ങൾക്കൂടി ഇതോടൊപ്പം ചേർക്കുന്നു.

സമയപരിമിതിമൂലം ഒരുദിവസത്തേക്ക് മാത്രമായി നടത്തിയ സർവേയിൽ 123 പേർ പങ്കെടുത്തു. 74% ആളുകൾ സിറോ മലബാർ സഭയിൽനിന്നും 10.6 ശതമാനം ആളുകൾ സിറോ മലങ്കര സഭയിൽനിന്നും 8.9% ആളുകൾ ലത്തീൻ സഭയിൽനിന്നും 0.8 ശതമാനം ആളുകൾ ഓർത്തഡോക്സ് സഭയിൽനിന്നും 1.6% ആളുകൾ യാക്കോബായ സഭയിൽനിന്നും 1.6% ആളുകൾ മാർത്തോമാ സഭയിൽനിന്നും 1.6% ആളുകൾ പെന്തകോസ്ത് സഭകളിൽനിന്നും 0.8% ആളുകൾ മറ്റു സഭകളിൽനിന്നും സർവേയിൽ പങ്കെടുത്തു. സർവേയിൽ പങ്കെടുത്തവരിൽ 93.5% പേരും ഹയര്സെക്കണ്ടറിയോ അതിൽ കൂടുതലോ **വിദ്യാഭ്യാസം** ഉള്ളവരാണ്.

എന്നാൽ സർക്കാർ **ജോലി** ഉള്ളത് കേവലം 8%ത്തിനാണ്. 33.3ശതമാനം ആളുകളും സ്വകാര്യ മേഖലയിൽ ജോലിചെയ്യു ന്നു. 22% ആളുകൾ **തൊഴിൽരഹിതരാണ്.** സ്വയംതൊഴിൽ ചെയ്യുന്നവർ 17ശതമാനം. 27.6% ശതമാനം പേർക്കും 5000 രൂപയി ൽ താഴെയാണ് **മാസവരുമാനം.** 22% പേര് 10000 മുതൽ 15000 വരെ മാസം വരുമാനമുള്ളവർ ആണ്. 15% ആളുകൾ വാടക വീട്ടിലാണ് **താമസിക്കുന്നത്.** 61% പേരും കോൺക്രീറ്റ് വീടുകളിൽ താമസിക്കുന്നവർ ആണെങ്കിലും 47.2% ആളുകൾക്കും ഉള്ളത് **1000 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകളാണ്.** 5.7% പേർക്ക് മാത്രമാണ് മഞ്ഞ **റേഷൻ കാർഡ്** ഉള്ളത്. 15.4% പേർക്ക് പിങ്ക് റേഷൻ കാർഡും 38.2%പേർക്ക് നീല റേഷൻ കാർഡും




ഉള്ളപ്പോൾ 26.8%പേർക്ക് വെള്ള കാർഡ് ആണ് ഉള്ളത്. 43.9% പേർക്കും **കാർഷിക വായ്പ** അടച്ചു തീർക്കാൻ ഉണ്ട്. 69.1% പേർക്കും **ഭവന നിർമാണ വായ്പ** അടച്ചു തീർക്കാൻ ഉണ്ട്. 57.7% പേർക്ക് മറ്റ് വായ്പകൾ അടച്ചു തീർക്കാൻ ഉണ്ട്. 40.7% പേരുടെ കുടുംബത്തിലും **നാലു അംഗങ്ങൾ** മാത്രമാണ് ഉള്ളത്.

മൂന്ന് അംഗങ്ങൾ മാത്രമുള്ള കുടുംബങ്ങൾ 13% ഉണ്ട്. സർവേയിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങളിൽ 56% ആളുകൾ 55 വയസിനു മുകളിൽ പ്രായമുള്ളവരാണ്. **77 ശതമാനം** ക്രൈസ്തവർക്കും കേന്ദ്ര സംസ്ഥാന സർക്കാരു കളുടെ ന്യൂനപക്ഷ ക്ഷേമപദ്ധതികളെക്കുറിച്ച് അറിവില്ല. 86% പേരും ഏതെങ്കിലും ന്യൂനപക്ഷ ക്ഷേമ ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചിട്ടില്ല.

ന്യൂനപക്ഷം എന്ന നിലയിൽ 14% ആളുകൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പും 8% ആളുകൾക്ക് പോസ്റ്റ് മെട്രിക് സ്കോളർ ഷിപ്പും ലഭിച്ചിട്ടുണ്ട്. 79% പേർക്ക് ന്യൂനപക്ഷമെന്ന നിലയിൽ യാതൊരു ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. 97.6% പേർക്കും യാ തൊരുവിധ സംവരണവും ലഭിച്ചിട്ടില്ല.

## തൊഴിൽ രഹിതരിൽ ക്രൈസ്തവർ ഒന്നാമത്

ഇന്ത്യയിലെ ക്രൈസ്തവർ തൊഴിലില്ലായ്മ നിരക്കിൽ ഇതര മതവിഭാഗങ്ങളെ അപേക്ഷിച്ച് മുന്നിലാണെന്നുള്ള പാർല മെന്റിലെ രേഖാമൂലമുള്ള വെളിപ്പെടുത്തൽ ആശങ്കയുളവാക്കു ന്നു. മതാടിസ്ഥാനത്തിൽ ഇന്ത്യയിലെ തൊഴിൽ രഹിതരുടെ നിരക്ക് വിലയിരുത്തുമ്പോൾ തൊഴിലില്ലായ്മ ഏറ്റവും കൂടുത ലായി അഭിമുഖീകരിക്കുന്നത് ക്രൈസ്തവരാണെന്നുള്ള ലെയ്റ്റി കൗൺസിൽ പുറത്തിറക്കിയ പഠനറിപ്പോർട്ട് ശരിവയ്ക്കുന്നതാണ് ന്യൂനപക്ഷക്ഷേമവകുപ്പ് മന്ത്രി പാർലമെന്റിൽ വച്ചിരിക്കുന്ന രേഖ കളും വെളിപ്പെടുത്തലുകളും. ലെയ്റ്റി കൗൺസിലിന്റെ പഠനറി പ്പോർട്ട് ഇതിനോടകം സമർപ്പിച്ചിരുന്നു.

2006 നവംബർ 30ന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച സച്ചാർ കമ്മറ്റി റിപ്പോർട്ട് നടപ്പാക്കിയതിനുശേഷം രാജ്യത്തെ ന്യൂനപ ക്ഷങ്ങളുടെ തൊഴിലില്ലായ്മ നിരക്കിൽ മാറ്റമുണ്ടായിട്ടുണ്ടോയെ ന്നതു സംബന്ധിച്ച് ബംഗാളിൽ നിന്നുള്ള തൃണമൂൽ കോൺഗ്ര സിലെ പാർലമെന്റംഗം പ്രസൂൺ ബാനർജി ഉന്നയിച്ച ചോദ്യ ത്തിന് കേന്ദ്ര ന്യുനപക്ഷ വകുപ്പ് മന്ത്രി മുക്താർ അംബാസ് നഖ്വി ലോകസഭയിൽ നൽകിയ മറുപടിയിലാണ് ഹൈന്ദവ, മുസ്ലീം, ക്രൈസ്തവരുൾപ്പെടെയുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് വ്യക്തമാക്കിയിരിക്കുന്നത്. നാഷണൽ സാമ്പിൾ സർവ്വേ ഓഫീസ് (NSSO) ദേശീയ തലത്തിൽ നടത്തിയ പീരിയോഡി ക്കൽ ലേബർ ഫോഴ്സ് സർവേയുടെ 2017-18 കാലഘട്ടങ്ങളിലെ സ്ഥിതിവിവരക്കണക്കുകളും ലോകസഭയിൽ വെയ്ക്കുയുണ്ടായി. ഇതിൻപ്രകാരം മതാടിസ്ഥാനത്തിലുള്ള തൊഴിലില്ലായ്മ നിരക്ക് ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളിൽ ഗ്രാമീണ സ്ത്രീക ളിൽ 3.5:5.7:8.8, നഗരങ്ങളിൽ 10.0:14.5:15.6 അനുപാതമാണ്. ഗ്രാമീണ പുരുഷന്മാരുടെ നിരക്ക് 5.7:6.7:6.9, നഗരങ്ങളിലിത് 6.9:7.5:8.9 എന്നതുമാണ് പാർലമെന്റിൽ സമർപ്പിച്ച മറുപടിയിൽ

പറയുന്നത്.

**വിദ്യാഭ്യാസ സാമ്പത്തിക സാമൂഹ്യ രംഗങ്ങളിലും തൊഴിൽ മേഖലകളിലും ക്രൈസ്തസമൂഹം മുന്നിൽ നിൽക്കുന്നുവെന്ന് നിരന്തരമുള്ള പ്രചരണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കുന്നതാണ് പുതിയ കണക്കുകൾ.** മുൻകാലങ്ങളിൽ നിന്നു വ്യത്യസ്ഥമായി ഇന്നിപ്പോൾ സർക്കാർ അർദ്ധ

| All-India | | |
|---|---|---|
| | Survey period | |
| **Major religious groups** | **2017-18** | |
| 1 | 2 | 3 |
| | **Rural Male** | **Rural female** |
| Hinduism | 5.7 | 3.5 |
| Islam | 6.7 | 5.7 |
| Christianity | 6.9 | 8.8 |
| Sikhism | 6.4 | 5.7 |
| | **Urban Male** | **Urban Female** |
| Hinduism | 6.9 | 10.0 |
| Islam | 7.5 | 14.5 |
| Christianity | 8.9 | 15.6 |
| Sikhism | 7.2 | 16.9 |
| *Source: Annual Report, PLFS: 2017-18* | | |

സർക്കാർ ജോലികളിലും വിദ്യാഭ്യാസ അരോഗ്യമേഖലകളിലും വാണിജ്യ വ്യവസായ ബിസിനസ് തലങ്ങളിലും ക്രൈസ്തവർ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നത് തിരിച്ചറിയേണ്ടിയിരിക്കുന്നു. മലയോര തീരദേശമേഖലയുടെ പ്രതിസന്ധികളും കാർഷിക തകർച്ചയും സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധിയോടൊപ്പം ക്രൈസ്തവർക്കിടയിൽ തൊഴിൽ രഹിതരുടെ എണ്ണം പെരുകുന്നത് കുടുംബഭദ്രതയ്ക്കും സാമൂഹ്യവും സാമുദായികവുമായ അസന്തുലിതാവസ്ഥയ്ക്കും കാരണമായിട്ടുണ്ട്. **വിവിധ ക്രൈസ്തവ സഭകൾ നടത്തുന്ന വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങളൊഴിച്ചാൽ അഭ്യസ്തവിദ്യരായ ക്രൈസ്തവർക്കുള്ള ജോലിസാധ്യതാമേഖലകൾ പരിമിതങ്ങളായി മാറിയിരിക്കുന്നു.** നിലവിലെ സാമ്പത്തിക പിന്നോക്കാവസ്ഥ ഉയർന്ന വിവാഹപ്രായനിരക്കിലും അവിവാഹിതരുടെ എണ്ണത്തിലുള്ള വർദ്ധനവിലും എണ്ണത്തിൽ ശുഷ്കിച്ച കുടുംബങ്ങൾക്കും ക്രൈസ്ത ജനസംഖ്യാ ഇടിവിനും ഇടനൽകുന്നു.

ജോലിസംവരണത്തിലും ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും പങ്കുവയ്ക്കലിലും ക്രൈസ്തവർ കടുത്ത വിവേചനം നേരിടുന്നുവെന്ന വസ്തുത നിലനിൽക്കെയാണ് കേന്ദ്രസർക്കാരിൽ നിന്നും ക്രൈസ്തവ തൊഴിലില്ലായ്മയുടെ പുതിയ വിവരങ്ങൾ പുറത്തുവന്നിരിക്കുന്നത്. ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിദ്യാഭ്യാസം,. സ്വയംതൊഴിൽ, സംരംഭകത്വം, കോച്ചിംഗ് സെന്റർ എന്നീ മേഖലകളിൽ കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെങ്കിലും അതിന്റെ ഗുണഫലങ്ങൾ ന്യൂനപക്ഷത്തിലെ ഭൂരിപക്ഷത്തിനല്ലാതെ ക്രൈസ്തവർക്ക് സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥയുടെ പേരിൽ ജനസംഖ്യാനുപാതികമായി ലഭിക്കുന്നില്ല. **ഇന്ത്യയിലെ ക്രൈസ്തവരുടെ സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനും നിലവിലുള്ള ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ ക്രൈസ്തവരെ കൂടുതലായി ഉൾപ്പെടുത്തുകയും സർക്കാർ അർദ്ധസർക്കാർ തലങ്ങളിൽ ജോലിസംവരണവും വിവിധ മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതിലേയ്ക്കാണ് നിലവിലുള്ള കണക്കുകളും രേഖകളും വിരൽ ചൂണ്ടുന്നത്.**

**ന്യൂനപക്ഷ ക്ഷേമപതികളുടെയും അനുകൂല്യങ്ങളുടെയും 80% മുസ്ലീങ്ങൾക്ക് നൽകുന്ന കേരള സർക്കാരിന്റെ നിലപാട് ചോദ്യം ചെയ്യാൻ എന്തുകൊണ്ടാണ് ക്രൈസ്തവ വോട്ടുബാങ്കിന്റെ കുത്തകാവകാശം പേറുന്ന രാഷ്ട്രീ യ പാർട്ടികളോ നേതാക്കന്മാരോ ഇതുവരെ രംഗത്തുവരാത്തത്? വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നേടിയെടുക്കാൻ കാണിക്കുന്ന ഉത്സാഹം വിശ്വാസികൾക്കു ലഭിക്കേണ്ട ന്യായമായ സർക്കാർ ആനുകൂല്യങ്ങൾ വാങ്ങിയെടുക്കാൻ വിവിധ ക്രൈസ്തവസഭകളുടെ നേതൃത്വത്തിലുള്ളവർ ശ്രമിക്കുന്നില്ലെന്നും വിശ്വാസികൾക്കു പരാതിയുണ്ട്. കേരളത്തിൽ സർക്കാർ ജോലിക്ക് 12%സംവരണം നാളുകളായി മുസ്ലീങ്ങൾക്ക് നൽകുന്നുണ്ട്. ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ ഇൻഡ്യൻസിനുംകൂടി 4ശതമാനവും. കേരളത്തിലെ ക്രിസ്ത്യാനിയുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ വയ്ക്കാൻ സർക്കാർ തയ്യാറാകുമോ? നാട്ടിൽ തൊഴിൽ ലഭിക്കാത്തതിനാൽ പ്രവാസികളാകാൻ വിധിക്കപ്പെട്ട ക്രിസ്ത്യൻ യുവത്വത്തിന്റെയും ചെറുപ്പക്കാർ പ്രവാസികളാക്കപ്പെടുമ്പോൾ നാട്ടിൽ ഒറ്റപ്പെട്ടുപോകുന്ന വൃദ്ധസമൂഹത്തിന്റെയും പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനും ന്യൂനപക്ഷ കമ്മീഷനോ ഡിപ്പാർട്ടുമെന്റോ തയ്യാറാകുമോ?**

ക്രൈസ്തവ സഭകളും സമുദായവും ഉണർന്നു ചിന്തിക്കുക. വോട്ടുചെയ്യാനുള്ള ഉപകരണങ്ങൾ മാത്രമായി നമ്മൾ അധഃപതിക്കണമോ? വഴിയിൽ കാണുന്നവർക്കും വാചകക്കസർത്തുകാർക്കും രാഷ്ട്രീയ നേതൃത്വങ്ങൾക്കും കൊട്ടാനുള്ള ചെണ്ടയായും തട്ടിക്കളിക്കാനുള്ള പന്തായും നമ്മൾ അധഃപതിക്കണമോ? അധികാര കേന്ദ്രങ്ങളിൽ അജണ്ടകൾ വെച്ച് സംസാരിക്കുവാൻ നമുക്കാകണം. ഇത്തരം നീതി നിഷേധത്തിനെതിരെ പ്രതികരിക്കുവാനും ശബ്ദമുയർത്തുവാനും ക്രൈസ്തവർ മാത്രമല്ല വസ്തുതകൾ പഠിക്കുന്നവർ ഒന്നടങ്കം മുന്നോട്ടുവരണം. റീത്തുകൾക്കും ആരാധനക്രമങ്ങൾക്കും അതീതമായി പൊതുവിഷയങ്ങളിൽ ഒറ്റക്കെട്ടായി നീങ്ങുവാൻ ക്രൈസ്തവർക്കും സാധിക്കണം. സാമാന്യ മര്യാദയുടെയും മാന്യതയുടെയും അതിർവരമ്പുകൾ ലംഘിക്കുന്നതാണ് ജനാധിപത്യഭരണസംവിധാനത്തിലെ ഈ നീതിനിഷേധ നടപടി.

ക്രിസ്ത്യാനികൾക്ക് ഒരു പ്രശ്നം വന്നാൽ അവനെ സംരക്ഷിക്കാവാൻ ഇന്നാരുണ്ട് എന്നത് ഒരു ചോദ്യചിഹ്നമായി വിശ്വാസിസമൂഹത്തിനിടയിൽ ഉയരുന്നത് വിവിധ സഭാ വിഭാഗങ്ങളുടെ നേതൃത്വങ്ങളും ഗൗരവത്തോടെ കാണണം. സമ്പത്തിന്റെയും സ്ഥാപനങ്ങളുടെയും പേരിൽ തമ്മിലടിച്ച് തകരേണ്ടവരല്ല ക്രിസ്ത്യാനികൾ. അനുരഞ്ജനവും സ്നേഹവും സമാധാനവും കൂട്ടായ്മയും പരസ്പരം പങ്കുവെയ്ക്കാനാകുന്നില്ലെങ്കിലെന്ത് ക്രിസ്തീയതയാണുള്ളത്. സുരക്ഷിതത്വമില്ലായ്മയും നിരന്തരമായ അവഗണനയും ജീവിതപ്രതിസന്ധികളും ക്രിസ്ത്യാനികളെ നിസംഗതരും നിഷ്ക്രിയരുമാക്കി വിവിധ തലങ്ങളിൽ നിന്ന് പിന്നോട്ട് വലിക്കുന്നുവെന്ന പരമാർത്ഥം അംഗീകരിക്കാതെ വയ്യ. റീത്തുകൾക്കും ആരാധന ക്രമങ്ങൾക്കുമപ്പുറം പൊതുവായ സാമുദായിക പ്രശ്നങ്ങളിൽ കൂട്ടായ ശ്രമങ്ങൾ ശക്തിപ്പെടുത്തുവാൻ നമുക്കാകുന്നില്ലെങ്കിൽ ക്രിസ്ത്യാനി കേരളത്തിൽ ചരിത്രത്തിന്റെ ഭാഗമാകുവാൻ വൈകില്ല.

**ഷെവലിയർ അഡ്വ വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

# ഷെവലിയർ സിബി വാണിയപ്പുരയ്ക്കൽ പ്രവാസി കോർഡിനേറ്റർ



ഷെവലിയർ
സിബി വാണിയപ്പുരയ്ക്കൽ

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി വർക്കിംഗ് കമ്മറ്റിയംഗവും പ്രവാസി കോർഡിനേറ്ററുമായി ഷെവലിയർ സിബി വാണിയപ്പുരയ്ക്കലിനെ തെരഞ്ഞെടുത്തു. ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പസ്തോലേറ്റിന്റെ ചീഫ് കോർഡിനേറ്ററായ സിബി വാണിയപ്പുരയ്ക്കൽ ദീർഘകാലം ഖത്തർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയായിരുന്നു. ഖത്തറിലെ മലയാളി കാത്തലിക് കമ്യൂണിറ്റി, സീറോ മലബാർ കാത്തലിക് അസോസിയേഷൻ, എന്നിവയുടെ സ്ഥാപക പ്രസിഡന്റ്, വിവിധ ഇൻഡ്യൻ ചർച്ചുകളുടെ പൊതുവേദിയായ IDCCയുടെ മുഖ്യ സംഘാടകൻ, ക്രൈസ്തവ സഭകളുടെ ഐക്യവേദിയായ കോൺഫെഡറേഷൻ ഓഫ് ക്രിസ്ത്യൻ ചർച്ചസ് ചെയർപേഴ്സൺ, ഖത്തറിലെ ഇന്ത്യൻ എംബസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ICBFന്റെ 2004-2006 കാലഘട്ടങ്ങളിലെ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ ഉന്നതസേവനം കാഴ്ചവെച്ചിട്ടുണ്ട്. 2009ൽ സീറോ മലബാർ സഭ ലെയ്റ്റി കമ്മീഷൻ സംഘടിപ്പിച്ച അന്തർദേശീയ അൽമായ അസംബ്ലിയുടെ മുഖ്യസംഘാടകനായിരുന്നു. സഭാസംബന്ധമായി വിവിധ വിഷയങ്ങളിൽ പഠനവും പാണ്ഡിത്യവുമുള്ള ഷെവലിയർ സിബി വാണിയപ്പുരയ്ക്കലിന്റെ സ്തുത്യർഹവും നിസ്വാർത്ഥവുമായ സേവനങ്ങൾ സഭയ്ക്കും സമൂഹത്തിനും മാത്രമല്ല അല്മായ വിശ്വാസിസമൂഹത്തിനൊന്നാകെ കൂടുതൽ ഊർജ്ജവും പ്രചോദനവും പുത്തനുണർവ്വും ഏകുന്നതാണ്.

# കേന്ദ്ര ബജറ്റ് കർഷകരുടെ പ്രതീക്ഷകൾ തകർത്തു: ഇൻഫാം

കൊച്ചി: കാർഷികമേഖലയെ പരിപൂർണ്ണമായി അവഗണിച്ചുള്ള കേന്ദ്രബജറ്റ് നിരാശാജനകമാണെന്നും അധികാരത്തിലേറുവാനുള്ള ചവിട്ടുപടിയായി മാത്രമാണ് കേന്ദ്രസർക്കാർ കർഷകനെ കണ്ടതെന്നും ഇൻഡ്യൻ ഫാർമേഴ്സ മൂവ്മെന്റ് (ഇൻഫാം) പറഞ്ഞു.

കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് ലക്ഷ്യംവെച്ച് 2019 ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ച ഇടക്കാല ബജറ്റിലൂടെ കർഷകരുടെ കണ്ണിൽ പൊടിയിട്ട നിർദ്ദേശങ്ങൾ അധികാരത്തിലേറിയപ്പോൾ അവഗണിക്കപ്പെട്ടിരിക്കുന്നു. തകർന്നടിഞ്ഞ കാർഷികമേഖലയ്ക്ക് രക്ഷയേകുന്ന നിർദ്ദേശങ്ങളൊന്നുമില്ലാത്ത ബഡ്ജറ്റ് നിലവിലുള്ള കാർഷികപ്രതിസന്ധി രൂക്ഷമാക്കുകയും സമ്പദ്ഘടനയ്ക്ക് ഭാവിയിൽ തിരിച്ചടി സൃഷ്ടിക്കുകയും ചെയ്യും. കാർഷിക സമ്പദ്ഘടന തകർന്ന് രാജ്യത്തുടനീളം കർഷക ആത്മഹത്യ പെരുകുന്നത് നിസാരമായി കാണുന്ന കർഷകവിരുദ്ധ സമീപനം കേന്ദ്രസർക്കാർ വീണ്ടും തുടരുന്നത് അപലപനീയമാണ്.

കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് കഴിഞ്ഞ ഓരോ ബജറ്റിലും പറഞ്ഞത് ഈ ബജറ്റിലും ആവർത്തിച്ചിരിക്കുന്നു. പതിനായിരം പുതിയ കർഷക ഉല്പാദകസംഘങ്ങൾക്ക് രൂപം നൽകുമെന്നും സീറോ ബജറ്റ് കൃഷിയെ പ്രോത്സാഹിപ്പിക്കുമെന്നും കാർഷികമേഖയിൽ വൻ നിക്ഷേപമിറക്കുമെന്നും മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾക്ക് പിന്തുണ നൽകുമെന്നുമുള്ള മുൻ ബജററിലെ പ്രഖ്യാപനങ്ങൾ ആവർക്കുന്നതല്ലാതെ കാർഷികമേഖലയ്ക്ക് ഗുണം ലഭിക്കുന്ന യാതൊരു നിർദേശവും ഈ ബജറ്റിലില്ല.

ഇന്ത്യയുടെ ഓഹരിവിപണി ഉയർത്തിക്കാട്ടി വിദേശനിക്ഷേപം ആകർഷിക്കുവാൻ ശ്രമിക്കുമ്പോൾ ആഭ്യന്തര കമ്പോളത്തിലുണ്ടായിരിക്കുന്ന തകർച്ചയെ അതിജീവിക്കുവാനുള്ള വഴികളൊന്നും ബജറ്റിൽ പരാമർശിക്കുന്നില്ല. വിദേശനിക്ഷേപങ്ങളെ പ്രോത്സാഹിപ്പിച്ച് സ്വതന്ത്ര വ്യാപാരക്കരാറുകളിലൂടെ വിവിധ കാർഷികോല്പന്നങ്ങളുടെ ഇറക്കുമതിച്ചുങ്കം പരിപൂർണ്ണമായി എടുത്തുകളഞ്ഞും ആസിയാൻ, ആർസിഇപി രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി അനുവദിക്കപ്പെടുമ്പോൾ ഇൻഡ്യയുടെ കാർഷിക സമ്പദ്ഘടനയ്ക്ക് വീണ്ടും വൻ പ്രഹരമാകും. ഏകീകൃത തൊഴിൽ നിയമമുണ്ടാകണമെന്നുള്ള ബജറ്റ് നിർദ്ദേശം ആർസിഇപി സ്വതന്ത്രക്കരാറിന്റെ നിബന്ധനപ്രകാരമാണോയെന്ന് സംശയിക്കപ്പെടുന്നു. ചൈനയും അമേരിക്കയും തമ്മിലുള്ള വ്യാപാരയുദ്ധം മുറുകുമ്പോൾ ആഗോളമൂലധനം ചേക്കേറാൻ ഉദാരവൽക്കരണത്തിലൂടെ ഇന്ത്യ വാതിൽ തുറന്നുകൊടുത്താൽ വൻപ്രതിസന്ധിയിലാകുന്നത് കാർഷികമേഖലയാണെന്നുള്ളത് ധനമന്ത്രി സൗകര്യപൂർവ്വം മറന്നിരിക്കുന്നത് ദുഃഖകരമാണ്. 6000 രൂപയുടെ വാർഷികപദ്ധതി പ്രഖ്യാപിച്ച് 2000 രൂപ അക്കൗണ്ടിലിട്ടതുകൊണ്ട് കർഷകരും കാർഷികമേഖലയും രക്ഷിക്കപ്പെട്ടുവെന്നു കരുതുന്നത് മൗഢ്യമാണ്. കാലങ്ങളായി കേരളത്തിലെ കാർഷികമേഖലയോട് മുഖംതിരിഞ്ഞുനിൽക്കുന്ന കേന്ദ്രസർക്കാർ ഈ ബജറ്റിലും റബറുൾപ്പെടെ കേരളത്തിന്റെ കാർഷികമേഖലയോട് അവഗണനയാണ് കാണിച്ചിരിക്കുന്നതെന്നും ഇൻഫാം പറഞ്ഞു.

# കരട് ദേശീയ വിദ്യാഭ്യാസനയം

## കൂടുതൽ ചർച്ചകൾ വേണം: ലെയ്റ്റി കൗൺസിൽ

കൊച്ചി: കേന്ദ്ര സർക്കാരിൽ സമർപ്പിക്കപ്പെട്ട കരട് ദേശീയ വിദ്യാഭ്യാസനയത്തിന്മേൽ കൂടുതൽ ചർച്ചകൾ വേണമെന്ന് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ.വി.സി. സെബാസ്റ്റ്യൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

2019 മെയ് 30നാണ് ഡോ.കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള സമിതി ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് കേന്ദ്രസർക്കാരിൽ സമർപ്പിച്ചത്. 2016 മെയ് 27ന് ഒന്നാം മോദിസർക്കാരിന്റെ കാലത്ത് മുൻ ക്യാബിനറ്റ് സെക്രട്ടറി ടി. എസ്.ആർ.സുബ്രഹ്മണ്യൻ അധ്യക്ഷനായുള്ള സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ രാജ്യത്തുടനീളം വലിയ എതിർപ്പുണ്ടായതിനെത്തുടർന്ന് വെളിച്ചം കണ്ടില്ല. ഇതിനെത്തുടർന്നാണ് 2017 ജൂണിൽ കസ്തൂരിരംഗൻ സമിതിക്ക് കേന്ദ്രസർക്കാർ രൂപം നൽകിയത്.

ഇന്ത്യയുടെ വിദ്യാഭ്യാസനിലവാരം രാജ്യാന്തരനിലവാരത്തിലേയ്ക്കുയർത്തുവാനോ മൂല്യാധിഷ്ഠിതവും പുരോഗമാത്മകവുമായ ക്രിയാത്മക നിർദ്ദേശങ്ങൾ കരട് നിർദ്ദേശങ്ങളിൽ ഒറ്റനോട്ടത്തിൽ വ്യക്തമല്ല. ജനാധിപത്യ മതേതരത്വ വൈവിധ്യപൂർണ്ണമായ ഭാരതത്തിന്റെ വിദ്യാഭ്യാസമേഖലയിൽ കോർപ്പറേറ്റുവൽക്കരണവും മതകേന്ദ്രീകൃതവും അതിതീവ്ര ദേശീയതയും കൂട്ടിച്ചേർത്ത് മാറ്റങ്ങൾ വ്യക്തമായി നിർദ്ദേശിക്കുന്ന കരടുനയം പൊതുസമൂഹത്തിൽ കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കേണ്ടത് അടിയന്തരമാണ്.



*കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥയെക്കുറിച്ച് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ പി.കെ ഹനീഫയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു. മൈനോരിറ്റി സ്റ്റഡി ടീം കൺവീനർ ജിൻസ് നല്ലേപ്പറമ്പിൽ, മെമ്പർ അമൽ സിറിയക്, പാല രൂപത വികാരിജനറാൾ ഫാ.ജോസഫ് കുഴിഞ്ഞാലിൽ, കോട്ടയം രൂപത വികാരിജനറാൾ ഫാ.മൈക്കിൾ വെട്ടിക്കാട്ട്, വിജയപുരം രൂപത വികാരിജനറാൾ ഫാ.ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, സീറോ മലബാർ യൂത്ത് മൂവ്മെന്റ് ഗ്ലോബൽ ഡയറക്ടർ ഫാ.ജോസഫ് ആലഞ്ചേരി എന്നിവർ സമീപം.*

# ക്രൈസ്തവ പിന്നോക്കാവസ്ഥയെക്കുറിച്ച് സിബിസിഐ ലെയ്റ്റി കൗൺസിൽ ന്യൂനപക്ഷ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു

കോട്ടയം: കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥയെക്കുറിച്ച് സർക്കാർ കൂടുതൽ പഠനം നടത്തണമെന്നും പദ്ധതികൾ ആവിഷ്കരിക്കണമെന്നുമാവശ്യപ്പെട്ട് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ പി.കെ. ഹനീഫയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. പാല രൂപത വികാരിജനറാൾ ഫാ.ജോസഫ് കുഴിഞ്ഞാലിൽ, കോട്ടയം രൂപത വികാരിജനറാൾ ഫാ.മൈക്കിൾ വെട്ടിക്കാട്ട്, വിജയപുരം രൂപത വികാരിജനറാൾ ഫാ.ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, സീറോ മലബാർ യൂത്ത് മൂവ്മെന്റ് ഗ്ലോബൽ ഡയറക്ടർ ഫാ.ജോസഫ് ആലഞ്ചേരി, മൈനോരിറ്റി സ്റ്റഡി ടീം കൺവീനർ ജിൻസ് നല്ലേപ്പറമ്പിൽ, മെമ്പർ അമൽ സിറിയക് എന്നിവരും പ്രതിനിധീകരിച്ചു. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങളായ അഡ്വ.ബിന്ദു എം.തോമസ്, അഡ്വ.മൊഹമ്മദ് ഫൈസൽ എന്നിവർ പങ്കുചേർന്നു.

ന്യൂനപക്ഷ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ സാമ്പത്തിക പിന്നോക്കാവസ്ഥയോടൊപ്പം ജനസംഖ്യാനുപാതം മാനദണ്ഡമാക്കണമെന്ന് ലെയ്റ്റി കൗൺസിൽ ആവശ്യപ്പെട്ടു. ക്രിസ്ത്യാനികളിൽ വളരെ വലിയ ഒരു വിഭാഗം കർഷകരും മത്സ്യതൊഴിലാളികളുമാണ്. കാർഷിക വിളകളുടെ വിലത്തകർച്ച, പ്രകൃതി ക്ഷോഭം മൂലം കൃഷി നശിക്കുന്ന അവസ്ഥ എന്നിവ മൂലം കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. കാർഷിക വായ്പ എടുത്ത് കടക്കെണിയിലായ ഒട്ടേറെപ്പേർ ക്രൈസ്തവ സമുദായത്തിലുണ്ട്. മത്സ്യതൊഴിലാളികളുടെ അവസ്ഥയും വിഭിന്നമല്ല. കടൽ ക്ഷോഭവും വറുതിയും മൂലം പരമ്പരാഗത തൊഴിൽ ഉപേക്ഷിക്കേണ്ട അവസ്ഥയിലാണ് പലരും. വള്ളവും വലയും വാങ്ങാൻ വായ്പ എടുത്തവർ കടക്കെണിയിലായിരിക്കുന്നു. കടലാക്രമണത്തിൽ കയറിക്കിടക്കാനുള്ള വീടുപോലും നഷ്ടപ്പെട്ടവർ ഒട്ടേറെയാണ്.

കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്നത് ക്രൈസ്തവ സമൂഹത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാണ്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാഭ്യാസ വായ്പ എടുത്തവർ പലരും അത് തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുകയാണ്. തൊഴിൽ രഹിതരുടെ എണ്ണം ക്രൈസ്തവ സമൂഹത്തിൽ വർധിച്ചിട്ടുണ്ട് എന്നത് ആശങ്ക ഉളവാക്കുന്നു. ക്രൈസ്തവ യുവാക്കൾക്കിടയിൽ സംരംഭകത്വം വളർത്താൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ന്യൂനപക്ഷ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യണമെന്ന് ലെയ്റ്റി കൗൺസിൽ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. മുപ്പതുവയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ യുവാക്കന്മാരുടെ എണ്ണം ക്രൈസ്തവ സമൂഹത്തിൽ അനുദിനം വർധിച്ചു വരുന്നു എന്നത് ലെയ്റ്റി കൗൺസിലിന്റെ പഠനത്തിൽ വ്യക്തമായിട്ടുണ്ട്. സാമ്പത്തികമായ പിന്നോക്കാവസ്ഥയാണ് ഈ പ്രവണതയുടെ കാരണമെന്ന് കൗൺസിൽ വിലയിരുത്തിയത് കമ്മീഷന്റെ പരിഗണനയിൽപെടുത്തി. വിവാഹിതരായവർക്കിടയിൽ കുട്ടികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. ജീവിത ചിലവ് വർധിച്ചു വരുന്ന സാഹചര്യത്തിൽ സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം കുട്ടികളുടെ എണ്ണം കുറയ്ക്കാൻ നിർബ ന്ധിതരാകുന്ന സാഹചര്യവും നിലവിലുണ്ട്. സർക്കാർ സർവീസിൽ ക്രൈസ്തവ പ്രാതിനിധ്യക്കുറവ് പ്രധാനവിഷയമാണെന്നും ന്യൂനപക്ഷ ക്ഷേമപദ്ധതികളിന്മേൽ അർഹമായ പ്രാതിനിധ്യം ക്രൈസ്തവർക്ക് ലഭിക്കുന്നില്ലെന്നും ലെയ്റ്റി കൗൺസിൽ ചൂണ്ടിക്കാട്ടി. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയെക്കുറിച്ച് ലെയ്റ്റി കൗൺസിൽ നടത്തിയ സർവ്വേ റിപ്പോർട്ടും ന്യൂനപക്ഷ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു.

# സഭയിലെ പിളർപ്പുകളെക്കുറിച്ച് ബനഡിക്ട് പതിനാറാമൻ മാർപാപ്പ



സഭയിൽ ഐക്യമാണ് ആഭ്യന്തരപിളർപ്പുകളേക്കാൾ ശക്തമെന്ന് എമെരിറ്റസ് പാപ്പ ബനഡിക്ട് പതിനാറാമൻ. സഭാഭരണനേതൃത്വം ഒഴിഞ്ഞ് ഇപ്പോൾ വത്തിക്കാനിൽ വിശ്രമജീവിതം നയിക്കുന്ന പാപ്പയുടെ ഇറ്റലിയിലെ കൊറിയേര ദെല്ല സേര എന്ന ദിനപ്പത്രത്തിന്റെ വാരികയിലാണ് ഈ പ്രസ്താവനയുള്ളത്. ഇക്കഴിഞ്ഞ ജൂൺ 28നാണ് ഈ അഭിമുഖം പ്രസിദ്ധീകൃതമായത്. ഇന്ന് സഭയെ നയിക്കുന്ന ഫ്രാൻസീസ് മാർപാപ്പായ്ക്ക് സഭയുടെ ഐക്യത്തെക്കുറിച്ച് അതിയായ ആശങ്കയുണ്ടെന്നും സഭാംഗങ്ങൾ പരസ്യമായി വാക്പോരിലേർപ്പെടുകയും ഈ പോര് ശക്തിയാർജിക്കുകയും ചെയ്യുന്നുണ്ടെന്നും അനുസ്മരിച്ച ബനഡിക്ട് പതിനാറാമൻ പാപ്പ സഭയുടെ ചരിത്രത്തിലുടനീളം ആഭ്യന്തര സംഘർഷങ്ങളും സമ്മർദ്ദവും പിളർപ്പിന്റെ ഭീഷണികളും ഉണ്ടായിട്ടുണ്ടെന്നും എന്നാൽ ഐക്യത്തിൽ ഉറച്ചുനിൽക്കണമെന്ന സഭയുടെ ബോധ്യമാണ് എന്നും പ്രബലപ്പെട്ടിട്ടുള്ളതെന്നും അഭിമുഖത്തിൽ പറയുന്നു.

# ന്യൂസിലാൻഡിൽ ദയാവധത്തിനെതിരെ ആയിരത്തിലധികം ഡോക്ടർമാർ രംഗത്ത്



വെല്ലിംഗ്ടൺ: ന്യൂസിലൻഡിൽ ദയാവധനിയമം പാസാക്കാൻ ശ്രമം നടക്കുന്നതിനിടെ തങ്ങൾ ദയാവധത്തിന് കൂട്ടുനിൽക്കില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ച് 1085 ഡോക്ടർമാർ പൊതുജനങ്ങൾക്ക് എഴുതിയ കത്തിൽ ഒപ്പിട്ടു. ദയാവധത്തിനെതിരെ നിലകൊള്ളുന്ന കെയർ അലയൻസ് എന്ന സംഘടനയുടെ നേതൃത്വത്തിലാണ് ഡോക്ടർമാർ കത്ത് തയ്യാറാക്കിയിട്ടുള്ളത്. *ദി എൻഡ് ഓഫ് ലൈഫ് ചോയ്സ് ബില്ല്* എന്ന് പേരിട്ടിരിക്കുന്ന ബില്ല് 2017ലാണ് അതിന്റെ ആദ്യകടമ്പ കടന്നത്. രണ്ടാമത്തെ സ്റ്റേജും പിന്നിട്ട ബില്ല് ഇനി ഒരു കടമ്പയുംകൂടി കടന്നാൽ നിയമമായി മാറും.

ഈ സാഹചര്യത്തിലാണ് ഡോക്ടർമാർ ഒന്നടങ്കം രംഗത്തെത്തിയിരിക്കുന്നത്. ഡോക്ടറുടെ സഹായത്തോടുകൂടിയുള്ള മരണവും ദയാവധവും അധാർമ്മികമാണ് എന്ന് നിലപാടുള്ള വേൾഡ് മെഡിക്കൽ അസോസിയേഷന്റെയും ന്യൂസിലന്റ് മെഡിക്കൽ അസോസിയേഷന്റെയും വീക്ഷണങ്ങളോട് ഒപ്പമാണ് തങ്ങളെന്ന് ഡോക്ടർമാർ വ്യക്തമാക്കി. ഡോക്ടർമാർ അവരുടെ രോഗികളെ കൊല്ലുവാനായി തുടങ്ങിയാൽ ഡോക്ടർമാർക്ക് രോഗികളുമായുള്ള ബന്ധം ദുർബലമാകുമെന്നും അവർ പറഞ്ഞു. ജനപ്രതിനിധികൾ ദയാവധബില്ലിൽ ഒപ്പിട്ടാൽ അത് തന്റെ ജോലിയെ തന്നെ തകർക്കുമെന്ന് കെയർ അലയൻസ് സംഘടനയിലെ അംഗമായ ഡോ.സിനിയാഡ് ഡോണെല്ലി പറഞ്ഞു. ഡോക്ടർമാർ എന്ന നിലയിൽ തങ്ങൾക്ക് അതിന്റെ ഭാഗം ആകേണ്ടന്നും സിനിയാഡ് ഡോണെല്ലി കൂട്ടിച്ചേർത്തു. ദയാവധം നിയമം നടപ്പിലായാൽ, ഡോക്ടർമാരെ അതിൽ നിന്ന് ഒഴിവാക്കാൻ തങ്ങൾ ഇടപെടുമെന്ന് ന്യൂസിലാൻഡ് മെഡിക്കൽ അസോസിയേഷന്റെ അധ്യക്ഷപദവിയിലിരിക്കുന്ന ഡോക്ടർ കേറ്റ് ബഡോക്ക് പറഞ്ഞു. അസോസിയേഷനിലെ അയ്യായിരത്തിലധികം ഡോക്ടർമാർ ദയാവധത്തിനെ എതിർക്കുന്നവരാണെന്നും കേറ്റ് ബഡോക്ക് വ്യക്തമാക്കി.



*കുടുംബ പ്രേഷിതത്വം, മാതൃവേദി, കുടുംബ കൂട്ടായ്മ പ്രോലൈഫ്, കത്തോലിക്ക കോൺഗ്രസ് എന്നീ വിഭാഗങ്ങളുടെ രൂപതാ ഡയറക്ടർമാരുടെ സമ്മേളനം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സിറോ മലബാർ സിനഡൽ കമ്മിഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. മാർ ജോസഫ് പാംപ്ലാനി, മാർ ജോസ് പുളിക്കൽ, സാബു ജോസ്, അഡ്വ.വി.സി.സെബാസ്റ്റ്യൻ, അഡ്വ.ജോസ് വിതയത്തിൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ തുടങ്ങിയവർ സമീപം.*

# തീക്ഷ്ണത കൊണ്ട് അപരനെ ജ്വലിപ്പിക്കുക: മാർ കല്ലറങ്ങാട്ട്

കൊച്ചി: തീക്ഷണതകൊണ്ട് അപരനെ ജ്വലിപ്പിക്കുക എന്നതാണ് ഓരോ കുടുംബപ്രേഷിതന്റെയും പ്രഥമദൗത്യമെന്ന് കുടുംബത്തിനും അല്മായർക്കും ജീവനും വേണ്ടിയുള്ള സിറോ മലബാർ സിനഡൽ കമ്മിഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട്. സഭയുടെ കുടുംബ പ്രേഷിതത്വം, മാതൃവേദി, കുടുംബ കൂട്ടായ്മ പ്രോലൈഫ്, കത്തോലിക്ക കോൺഗ്രസ് എന്നീ വിഭാഗങ്ങളുടെ രൂപതാ ഡയറക്ടർമാരുടെ സമ്മേളനം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ കല്ലറങ്ങാട്ട്. അല്മായ ശുശ്രൂഷയിൽ കരുതലുള്ള അമ്മയാണ് സഭ. സഭയ്ക്ക് അധികഊർജം പ്രദാനംചെയ്യാൻ അല്മായർക്കു സാധിക്കും. അല്മായരും വൈദികരും മെത്രാന്മാരും കൂട്ടായ്മയിൽ പ്രവർത്തിക്കുമ്പോളാണ് സഭ ജീവൻ പ്രാപിക്കുന്നത്. ഭിന്നാഭിപ്രായങ്ങൾ സഭയിൽ സ്വാഭാവികമാണ്. വത്യസ്തതകൾ വളർച്ചയ്ക്ക് സഹായിക്കും. എന്നാൽ വിഭജനങ്ങൾ സഭയെ തകർക്കും, മാർ കല്ലറങ്ങാട്ട് കൂട്ടിച്ചേർത്തു.

കമ്മീഷൻ അംഗം മാർ ജോസ് പുളിക്കൽ മാർഗനിർദേശ സന്ദേശം നല്കി. വെല്ലുവിളികളുടെ ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങളും ധാർമിക മൂല്യങ്ങളും വ്യക്തതയോടെ പഠിപ്പിക്കണം. വർഗീയത യ്ക്ക് ഇടം കൊടുക്കാതെ സഭാമക്കൾ സ്വത്വബോധവും സമുദായബോധവും വീണ്ടെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. സത്യത്തെ അപ്രസക്തമാക്കാൻ ശ്രമിക്കുന്ന ഉത്തരാധുനിക കാലഘട്ടത്തിൽ നിഷേധാത്മക നിലപാടുകൾക്കെതിരെ പൊരുതിയാൽമാത്രം പോരാ, സഭയുടെ ക്രിയാത്മക ഇടപെടലുകളും ആവശ്യമാണെന്ന് സമകാലിക സംഭവങ്ങളെ പരാമർശിച്ചുകൊണ്ട് മീഡിയ കമ്മിഷൻ ചെയർമാൻ മാർ ജോസഫ് പാംപ്ലാനി അഭിപ്രായപ്പെട്ടു.

സിറോ മലബാർ സഭയിൽ ഐക്യവും നന്മയും വീണ്ടെടുക്കാൻ സഭാനേതൃത്വം സ്വീകരിക്കുന്ന നടപടികളെ സമ്മേളനം ശ്ലാഘിച്ചു. കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ, കമ്മിഷൻ ജനറൽ സെക്രട്ടറി ഫാ. ജോബി ആന്റണി മൂലയിൽ, സിബിസിഐ അല്മായ കൗൺസില് സെക്രട്ടറി അഡ്വ. വി സി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് അഡ്വക്കേറ്റ് ബിജു പറയനിലം, പ്രോലൈഫ് സെക്രട്ടറി സാബു ജോസ്, അല്മായ ഫോറം സെക്രട്ടറി അഡ്വക്കേറ്റ് ജോസ് വിതയത്തിൽ, മാതൃവേദി സെക്രട്ടറി ശ്രീമതി റോസിലി പോൾ തട്ടിൽ, കുടുംബ പ്രേഷിതത്വം സെക്രട്ടറി ഫാ.ഫിലിപ്പ് വട്ടയത്തിൽ, കുടുംബ കൂട്ടായ്മ സെക്രട്ടറി ഡോ. ഡെയ്സന് പാണേങ്ങാടൻ എന്നിവർ നേതൃത്വം നല്കി. ഭാരതത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള 55 അംഗങ്ങൾ പങ്കെടുത്തു.

## Blessed Mariam Thresia to be Canonized on October 13



Vatican: Pope Francis has formally approved the canonization of Indian Blessed Mariam Thresia Chiramel Mankidiyan, founder of the Congregation of the Sisters of the Holy Family and decreed that the canonization will take place in St. Peter's Square on Sunday, Oct. 13. The Holy Father made the announcement at a July 1 ordinary public consistory of cardinals on causes of canonization at the Vatican.

The others to be canonized on the same day are Blessed John Henry Newman from England, Italian Blessed Josephine Vannini, foundress of the Daughters of St. Camillus; Brazilian Blessed Irmã Dulce Pontes of the Congregation of the Missionary Sisters of the Immaculate Conception of the Mother of God; and Swiss Blessed Marguerite Bays, virgin and Third Order Franciscan.

Oct. 13 was speculated as the most likely date for the canonization. Indian bishops will be in Rome for their ad limina visit during that time, and so the canonization of Blessed Mariam Thresia Chiramel Mankidiyan would coincide well with their visit.




Dr. P.M. Chacko Palakunnel
Mob: 9746085144



# കലിയുടെ കെണിയിൽപ്പെട്ടൊരു ജീവിതം

മുപ്പത്തിനാലുകാരിയായ ജെസി വിവാഹിതയായിട്ട് പത്തുവർഷമായി. മൂന്നു കുട്ടികളുണ്ട്. ഭർത്താവിന്റെ മാതാപിതാക്കൾക്കൊപ്പം ജെസിയും ഭർത്താവും കുട്ടികളും കഴിയുന്നു. അല്പം കൃഷിഭൂമിയുണ്ട്. ഭർത്താവിന് ഒരു ചെറിയ ജോലിയുമുണ്ട്. പിതാവും അവധി ദിവസങ്ങളിൽ ഭർത്താവും കൃഷിപ്പണിയിൽ വ്യാപൃതരാകും. കഠിനാധ്വാനം കൊണ്ട് തൃപ്തികരമായ സാമ്പത്തിക സ്ഥിതിയാണുള്ളത്. വിവാഹം കഴിച്ചുവന്ന നാൾമുതൽ ജെസി ഭർത്താവിൻറെ മാതാപിതാക്കളുമായി ശണ്ഠ തുടങ്ങി. ജെസി ഏഴ് ആങ്ങളമാരുടെ ഏക സഹോദരിയായിരുന്നതിനാൽ ജെസി പറയുന്നതൊക്കെ അവർ സാധിച്ചുകൊടുത്തിരുന്നു. നാലുപേർ വിദേശത്ത് ജോലിക്കാരാണ്. ഭർതൃഗൃഹത്തിൽ അത്രയും സാമ്പത്തിക സ്ഥിതിയില്ല. മാതാവ് വഴക്കുണ്ടാക്കുമ്പോൾ ജെസി പ്രതികരിക്കുകയും പ്രശ്നം വഷളാകുമ്പോൾ ജെസിയുടെ വീട്ടുകാരെ വിളിപ്പിക്കുകയും ചെയ്യും. ജെസിക്ക് ദേഷ്യം വരുമ്പോൾ പാത്രങ്ങൾ വലിച്ചെറിയുകയും കതക് ശക്തിയായി അടയ്ക്കുകയും ചെയ്യും. ചിലപ്പോൾ ഭർത്താവിനെയും കുട്ടികളെയും ഉപദ്രവിക്കും. അമ്മയോടും അപ്പനോടും കലിതുള്ളി സംസാരിക്കും. കഴിഞ്ഞ ദിവസം കലിതുള്ളിയ ജെസി അടുപ്പത്തിരുന്ന തിളച്ച വെള്ളമെടുത്ത് അമ്മയുടെ കാലിലേയ്ക്കൊഴിച്ചു. അമ്മയുടെ രണ്ടുകാലുകളും പൊള്ളി അമ്മ ആശുപത്രിയിലായി. ഇതു കണ്ട് ദേഷ്യം മൂത്ത ഭർതൃപിതാവ് ഒരു വടിയെടുത്ത് രണ്ട് അടിയും കൊടുത്തു. ജെസി തന്നെ ഭർതൃപിതാവ് ഉപദ്രവിച്ചു എന്നു വിളിച്ചുകൂവി നാട്ടുകാരെ അറിയിച്ചു. തന്നെ വന്നുകൊണ്ടുപോയില്ലെങ്കിൽ താൻ ആത്മഹത്യ ചെയ്യുമെന്ന് സ്വന്തം വീട്ടിലേയ്ക്ക് വിളിച്ചുപറഞ്ഞു. പഞ്ചായത്തു മെമ്പർ ഇടപെട്ട് ജെസിയെ ആങ്ങളമാരുടെ കൂടെ പറഞ്ഞയച്ചു.

ജെസിയുമായി സംസാരിച്ചപ്പോൾ ഭർത്താവിനോട് അവൾക്ക് ഇഷ്ടം ആണെന്നു മനസ്സിലായി. അയാൾ അവളെ ഒരിക്കൽ പോലും ഉപദ്രവിച്ചിട്ടില്ല. കോപം സഹിക്കാൻ വയ്യാത്തതുകൊണ്ടാണ് അവൾ പൊട്ടിത്തെറിച്ചു പോകുന്നത്, ക്ഷമിക്കണം എന്നൊക്കെപ്പറഞ്ഞ് അയാൾ അമ്മയുടെ അടുത്ത് അവൾക്കുവേണ്ട് മാദ്ധ്യസ്ഥം വഹിക്കാറുമുണ്ട്. കോപം വന്നാൽ നിയന്ത്രിക്കാൻ കഴിയില്ലെന്ന് ജെസി സമ്മതിച്ചു. അമ്മയുടെ ശരീരത്തിൽ ചൂടുവെള്ളമൊഴിച്ചതിൽ ദുഃഖമുണ്ടെന്നും അവൾ പറഞ്ഞു. കോപം വരുമ്പോൾ സകലതും മറന്നുപോകുന്നുവെന്നും അവൾ സമ്മതിച്ചു.

ജെസി ചോദിക്കുന്നതെല്ലാം കൊടുക്കുകയും ജെസി പറയുന്നതിനൊന്നും എതിരുപറയാതിരിക്കുകയും ചെയ്തിരുന്ന കുടുംബാംഗങ്ങൾ ജെസിയെ ലോകത്തിൽ എല്ലാ കാര്യവും നമുക്ക് അനുകൂലമായിരിക്കുകയില്ല എന്ന പാഠം പഠിപ്പിക്കാൻ മറന്നുപോയി. അവളുടെ ചെറിയ ഇഷ്ടങ്ങൾക്ക് ാപോലും എതിരു പറയുന്ന അമ്മായിയമ്മയെ അവൾ ശത്രുവായി കാണാൻ തുടങ്ങി. കാരണം അവളുടെ വീട്ടിൽ ആരും അവളെ വിമർശിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തിരുന്നില്ല. തന്മൂലം കുറ്റപ്പെടുത്തലിനോട് അവൾ അമിതമായി പ്രതികരിക്കാൻ തുടങ്ങി. ആ ശീലം കാലം ചെല്ലുന്തോറും ശക്തമായിക്കൊണ്ടിരുന്നു. ഇത് കുട്ടികളെ ഇല്ലായ്മ അറിയിക്കാതിരിക്കുന്നതുകൊണ്ടുണ്ടാകുന്ന ഒരു ഭവിഷ്യത്താണെന്ന് വളരെ വ്യക്തമാണ്.

രണ്ടാമത്തെ കാര്യം ജെസിയുടെ നിരാശയാണ്. ജെസി ഭർത്താവിനൊപ്പം അടിച്ചുപൊളിച്ചു ജീവിക്കണമെന്നാഗ്രഹിച്ചിരുന്ന ആളാണ്. മാതാപിതാക്കളുടെ സാന്നിധ്യവും സാമ്പത്തിക ഭദ്രതയുടെ കുറവും വീട്ടുജോലികൾ ധാരാളം ചെയ്യേണ്ടിവരുന്നതിലെ നിരാശയും അവളുടെ വർണ്ണപ്പകിട്ടുള്ള സ്വപ്നങ്ങളെ കെടുത്തിക്കളഞ്ഞു. ഇതിൽനിന്ന് ഉരിത്തിരിഞ്ഞ മാനസികാവസ്ഥ അവളെ അക്രമാസക്തയാക്കി (aggressive). ഇതിന് നിരാശയിൽ നിന്നുരുത്തിരിയുന്ന ആക്രമണമനോഭാവം എന്നു പറയാം (frustration aggression). അവൾ എങ്ങനെയെങ്കിലും ഭർതൃവീട്ടിൽ നിന്ന് പുറത്തുചാടി വേറൊരു വീടെടുത്തു താമസിക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. മദ്ധ്യസ്ഥന്മാർ ഇടപെട്ടപ്പോൾ സ്വത്ത് ഒന്നും ഇല്ലെങ്കിലും കുഴപ്പമില്ല; അവരുടെ കൂടെ താമസിക്കാൻ ഒരിക്കലും സമ്മതിക്കുകയില്ല എന്നവൾ തീർത്തു പറഞ്ഞു. അതിനെത്തുടർന്ന് മാതാപിതാക്കൾക്ക് വിരോധം വർദ്ധിച്ചു. വിൽപ്പത്രത്തിൽ രണ്ട് ഏക്കർ സ്ഥലം ഇവർക്കുവേണ്ടി എഴുതിവച്ചിരുന്ന പിതാവ് മനസ്സുമാറ്റി അരയേക്കർ മാത്രം കൊടുത്തു. ബാക്കി തന്നെ നോക്കുന്നവർക്കു കൊടുക്കും എന്നു പറഞ്ഞു. അരയേക്കറിൽ താമസം തുടങ്ങി കുറച്ചുകഴിഞ്ഞപ്പോൾ സ്ഥലം നഷ്ടപ്പെട്ടത് അവളുടെ കുറ്റം കൊണ്ടാണെന്ന് ഭർത്താവും മക്കളും പറയാൻ തുടങ്ങി. അതു

**ജെസി ഭർത്താവിനൊപ്പം അടിച്ചുപൊളിച്ചു ജീവിക്കണമെന്നാഗ്രഹിച്ചിരുന്ന ആളാണ്. മാതാപിതാക്കളുടെ സാന്നിധ്യവും സാമ്പത്തിക ഭദ്രതയുടെ കുറവും വീട്ടുജോലികൾ ധാരാളം ചെയ്യേണ്ടിവരുന്നതിലെ നിരാശയും അവളുടെ വർണ്ണപ്പകിട്ടുള്ള സ്വപ്നങ്ങളെ കെടുത്തിക്കളഞ്ഞു. ഇതിൽനിന്ന് ഉരിത്തിരിഞ്ഞ മാനസികാവസ്ഥ അവളെ അക്രമാസക്തയാക്കി**

കേൾക്കുമ്പോൾ അവൾ ഭർത്താവിനോടും കലിതുള്ളി പെരുമാറുവാൻ തുടങ്ങിയപ്പോഴാണ് കൗൺസിലിംഗിന് എത്തിയത്.

കോപം വരുത്തിവെച്ച വിനകൾ ഇവിടെ വളരെ പ്രകടമാണ്. കോപം കൊണ്ട് അന്ധരായി കൊലപാതകം വരെ നടന്നിട്ടുണ്ട്. ഇപ്പോൾ തന്റെ അനിയന്ത്രിതമായ കോപമാണ് തനിക്കു വിനയായതെന്ന് അറിഞ്ഞ് ജെസി കൗൺസിലിംഗിന് തയ്യാറായിരിക്കുകയാണ്. അനിയന്ത്രിതമായ കോപം കോപനിയന്ത്രണമാർഗ്ഗങ്ങൾ (Anger Management Programmes) വഴിയും സൈക്കോതെറാപ്പി വഴിയും നിയന്ത്രിക്കാം. കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി പ്രകാരം മറ്റുള്ളവർ എന്തെങ്കിലും പറയുമ്പോൾ പെട്ടെന്ന് മനസ്സിൽ തോന്നുന്ന ചിന്ത (Automatic Thought) വികാരങ്ങളിലേയ്ക്കും പിന്നീട് അതിനനുസരിച്ച പ്രവൃത്തികളിലേയ്ക്കും നയിക്കുമെന്നാണ്. പ്രത്യേക സാഹചര്യങ്ങളിൽ പെട്ടെന്നുണ്ടാകുന്ന ചിന്തകളെ പുനരവലോകനം ചെയ്ത് തിരുത്തിയും മറ്റു സാദ്ധ്യതകൾ കണ്ടെത്തുകയും ചെയ്യുന്നതാണ് കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയുടെ രീതി. ഇത് ജെസി വളരെ ഫലപ്രദമായി ചെയ്ത് പുതിയൊരു ജീവിതത്തിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നു.

# വിമോചന സമര രക്തസാക്ഷികൾ മനുഷ്യനീതിക്കുവേണ്ടി പോരാടിയവർ: മാർ വാണിയക്കിഴക്കേൽ

അങ്കമാലി: 1959ലെ വിമോചന സമരത്തിലെ രക്തസാക്ഷികൾ മനുഷ്യനീതിക്കുവേണ്ടി പോരാടിയവരാണെന്നു സത്ന രൂപത മുൻ ബിഷപ് മാർ മാത്യു വാണിയക്കിഴക്കേൽ അഭിപ്രായപ്പെട്ടു. അങ്കമാലി സെന്റ് ജോർജ് ബസിലിക്കയിൽ വിമോചന സമര രക്തസാക്ഷികളുടെ കല്ലറയ്ക്കു മുമ്പിൽ സീറോ മലബാർ അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ അനുസ്മരണ ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അന്നത്തെ കേരള സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ, മദ്യനയങ്ങൾക്കും സെൽ ഭരണത്തിനും അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കും പോലീസ് രാജിനും ഭരണകൂട ഭീകരതക്കുമെതിരെ ജനാധിപത്യ വിശ്വാസികൾ നടത്തിയ പോരാട്ടമായിരുന്നു വിമോചന സമരം. എല്ലാ മതവിഭാഗങ്ങളും കമ്യൂണിസ്റ്റേതര രാഷ്ട്രീയകക്ഷികളും സമരത്തിൽ പങ്കുചേർന്നു. സമരത്തെ അടിച്ചമർത്താൻ നടത്തിയ പോലീസ് വെടിവയ്പിൽ കൊല്ലപ്പെട്ടവരെല്ലാം കത്തോലിക്കരായിരുന്നു. കത്തോലിക്കാസഭയിലെ അല്മായ നേതാക്കളായിരുന്നു സമരങ്ങൾക്കു നേതൃത്വം നല്കിയ തെന്നതും ശ്രദ്ധേയമാണ്. വിമോചന സമര രക്തസാക്ഷി കളെ അനുസ്മരിക്കുന്നത് ഉചിതമാണെന്നും മാർ വാണിയക്കിഴക്കേൽ പറഞ്ഞു.

സീറോ മലബാർ അല്മായ കമ്മീഷനാണ് അനുസ്മരണ ചടങ്ങുകൾ നടത്തിയത്. കബറിടത്തിൽ പുഷ്പാർച്ചനയും പ്രാർത്ഥനകളും ഉണ്ടായിരുന്നു. ബസിലിക്ക റെക്ടർ റവ.ഡോ. ജിമ്മി പൂച്ചക്കാട്ട് അധ്യക്ഷത വഹിച്ചു. അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ ആമുഖപ്രഭാഷണം നടത്തി. ഫാ. മാത്യു ഇടശേരി, പ്രിൻസ് മരങ്ങാട്ട്, ഫ്രാൻസിസ് മുട്ടത്ത്, ആൽബർട്ട് തച്ചിൽ, ജോസ് വാപ്പാലശേരി, ഷൈബി പാപ്പച്ചൻ, പി.ഐ. നാദിർഷ, ലിസി ബേബി, എം.എൽ. ജോണി മാസ്റ്റർ ലക്സി ജോയി, സെബി വർഗീസ്, മാത്യു തോമസ്, പി.കെ. സജീവൻ ഡെന്നി തോമസ്, ജോസ് പടയാട്ടിൽ, ദേവാച്ചൻ കോട്ടയ്ക്കൽ, ലിസി പോളി, ജോർജ് കുര്യൻ, ചെറിയാൻ മുണ്ടാടൻ, പി.എ. തോമസ് എന്നിവർ പ്രസംഗിച്ചു.



*അങ്കമാലി സെന്റ് ജോർജ് ബസിലിക്കയിൽ വിമോചന സമര രക്തസാക്ഷികളുടെ കല്ലറയ്ക്കു മുമ്പിൽ നടന്ന അനുസ്മരണ പരിപാടികൾ സത്ന രൂപത മുൻ ബിഷപ് മാർ മാത്യു വാണിയക്കിഴക്കേൽ ഉദ്ഘാടനം ചെയ്യുന്നു. റവ.ഡോ. ജിമ്മി പൂച്ചക്കാട്ട്, അഡ്വ. ജോസ് വിതയത്തിൽ തുടങ്ങിയവർ സമീപം.*

# സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്കിൽ ഫ്രഞ്ച് കന്യാസ്ത്രീയെ കഴുത്തറുത്തു കൊന്നു



മധ്യ ആഫ്രിക്ക: മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്കിന്റെ തെക്ക്-പടിഞ്ഞാറ് കാമറൂൺ അതിർത്തിക്ക് സമീപമുള്ള ബെർബെരാറ്റി രൂപതയിൽ ഫ്രഞ്ച് കന്യാസ്ത്രീയെ കഴുത്തറത്തു കൊലപ്പെടുത്തി. ഡോട്ടേഴ്സ് ഓഫ് ജീസസ് സഭാംഗമായ സിസ്റ്റർ ഇനെസ് നീവ്സ് സാഞ്ചോ ആണ് കൊല്ലപ്പെട്ടത്. ബെർബെരാറ്റി രൂപതയിലെ നോളാ വില്ലേജിലെ തന്റെ വർക്ക്ഷോപ്പിലാണ് കഴുത്തറുത്ത നിലയിൽ എഴുപത്തിയേഴുകാരിയായ സിസ്റ്റർ സാഞ്ചോയുടെ മൃതദേഹം കണ്ടത്. സിസ്റ്റർ സാഞ്ചോയുടെ വീട്ടിൽ അതിക്രമിച്ചു കയറിയ അക്രമികൾ സിസ്റ്ററെ വർക്ക്ഷോപ്പിലേക്ക് വലിച്ചിഴച്ചു കൊണ്ടുവരികയും കഴുത്തറുത്ത് കൊലപ്പെടുത്തുകയുമായിരുന്നു. വർഷങ്ങളായി ഗ്രാമത്തിലെ പാവപ്പെട്ട പെൺകുട്ടികളെ സൗജന്യമായി തയ്യൽവേല പഠിപ്പിച്ചു വരികയായിരുന്നു സിസ്റ്റർ സാഞ്ചോ. ഫ്രാൻസിസ് മാർപാപ്പ സിസ്റ്റർ സാഞ്ചോയുടെ മരണത്തിൽ അനുശോചനം അറിയിച്ചു.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

98

## ആധുനികയുഗത്തിൽ സഭയുടെ ധർമ്മം

**വിവാഹവും സന്താനങ്ങളും**–വിവാഹവും ദാമ്പത്യസ്നേഹവും അവയുടെ സ്വഭാവത്താൽതന്നെ മക്കളെ ജനിപ്പിക്കാനും അവരെ വളർത്താനുമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. മക്കളാണ് വിവാഹത്തിന്റെ അത്യുൽകൃഷ്ടദാനം. മാതാപിതാക്കളുടെതന്നെ ശ്രേയസിന് അവർ കാര്യമായ സംഭാവനചെയ്യും. *മനുഷ്യൻ ഏകനായിരിക്കുക നല്ലതല്ല* (ഉല്പ.2:18) എന്നരുളിച്ചെയ്യുകയും *പുരുഷനും സ്ത്രീയുമായി ആരംഭം മുതൽതന്നെ മനുഷ്യന് രൂപംനൽകുകയും ചെയ്ത* (മത്താ.19:4) ദൈവം തന്റെ സൃഷ്ടികർമ്മത്തിൽ മനുഷ്യന് പ്രത്യേകമായ ഒരു പങ്ക് നൽകാൻ ആഗ്രഹിച്ചു. പുരുഷനേയും സ്ത്രീയേയും അനുഗ്രഹിച്ച് അവിടുന്ന് പറഞ്ഞു: *പെരുകി വർദ്ധിക്കുവിൻ* (ഉല്പ.1:26). അതുകൊണ്ട് വിവാഹത്തിന്റെ ഇതരോദ്ദേശ്യങ്ങളെ അവഗണിക്കാതെ തന്നെ പറയാൻ സാധിക്കും യഥാർത്ഥമായ ദാമ്പത്യസ്നേഹത്തിന്റെ അഭ്യാസവും അതിൽ നിന്നുത്ഭവിക്കുന്ന കുടുംബജീവിതത്തിന്റെ സമ്പൂർണ്ണമായ അർത്ഥവും ലക്ഷ്യംവയ്ക്കുന്നത് ദമ്പതികളിലൂടെ തന്റെ കുടുംബത്തെ അനുദിനം വിസ്തൃതവും സമ്പന്നവുമാക്കുന്ന സ്രഷ്ടാവിന്റെയും രക്ഷകന്റെയും സ്നേഹത്തോട് ദൃഢമനസ്സോടുകൂടി സഹകരിക്കാൻ ഒരുക്കമുള്ളവരാക്കുക എന്നതാണെന്ന്.

സന്താനോത്പാദനവും മക്കളുടെ വളർത്തലും തങ്ങളുടെ പ്രത്യേക ധർമ്മമായി ദമ്പതിമാർ കരുതട്ടെ. ഇതുവഴി അവർ സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തിൽ സഹകരിക്കുകയും ഒരു തരത്തിൽ ആ സ്നേഹത്തെ വ്യാഖ്യാനിക്കുകയുമാണ് ചെയ്യുന്നതെന്നു മനസിലാക്കണം. അങ്ങനെ മാനുഷികവും ക്രിസ്തീയവുമായ ചുമതലബോധത്തോടുകൂടി അവർ തങ്ങളുടെ ജോലി നിർവഹിക്കേണ്ടതാണ്. ദൈവത്തോടുള്ള വിധേയത്വപൂർണ്ണമായ ബഹുമാനത്തോടുകൂടി പൊതുവായ ആലോചനയും പരിശ്രമവും വഴി അവർ തങ്ങൾക്കായി ശരിയായ നിഗമനങ്ങളിലെത്തും. തങ്ങളുടെ തന്നെയും തങ്ങൾക്ക് ജനിച്ചിട്ടുള്ളവരും ജനിക്കാനിരിക്കുന്നവരുമായ മക്കളുടെയും നന്മയെ അവർ കണക്കിലെടുക്കുന്നു. കൂടാതെ തങ്ങളുടെ കാലത്തിന്റെയും പരിതോവസ്ഥകളുടെയും ഭൗതികവും ആദ്ധ്യാത്മികവുമായ സാഹചര്യങ്ങളേയും ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നു. അവസാനമായി കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും തിരുസഭയുടെ തന്നെയും താല്പര്യങ്ങളേയും സംരക്ഷിക്കുന്നു. ദൈവതിരുമുമ്പിൽ മേല്പറഞ്ഞ തരത്തിലുള്ള നിഗമനം ആത്യന്തികമായി എടുക്കേണ്ടത് ദമ്പതികൾ തന്നെയാണ്. എന്നാൽ തങ്ങളുടെ



പ്രവർത്തനരീതികളിൽ സ്വേച്ഛാനുസരണം വർത്തിക്കാൻ പാടില്ലെന്നും മറിച്ച് ദൈവികനിയമങ്ങൾക്കനുസൃതമാകേണ്ട മനഃസാക്ഷിയാൽ നിയന്ത്രിതരായും സുവിശേഷവെളിച്ചത്തിൽ ആ നിയമങ്ങളെ അധികാരികമായി വ്യാഖ്യാനിക്കുന്ന തിരുസ്സഭയുടെ പ്രബോധനാധികാരത്തിനു വിധേയരായും പ്രവർത്തിക്കേണ്ടതാണെന്നും ക്രൈസ്തവ ദമ്പതികൾ അറിഞ്ഞിരിക്കണം. ആ ദൈനികനിയമം ദാമ്പത്യസ്നേഹത്തിന്റെ പൂർണ്ണമായ അർത്ഥത്തെ വെളിപ്പെടുത്തുകയും അതിനെ സംരക്ഷിക്കുകയും യഥാർത്ഥമായ മാനുഷിക പൂർണ്ണതയിലേയ്ക്ക് അതിനെ നയിക്കുകയും ചെയ്യുന്നു. ദൈവപരിപാലനയിൽ സമാശ്രയിച്ചുകൊണ്ടും പരിത്യാഗചൈതന്യം പുലർത്തിക്കൊണ്ടും ഉദാരവും മാനുഷികവും ക്രിസ്തീയവുമായ കർത്തവ്യബോധത്തോടുകൂടി ക്രിസ്തീയ ദമ്പതികൾ സന്താനോല്പാദനകൃത്യം നിർവഹിക്കുമ്പോൾ സ്രഷ്ടാവിനെ മഹത്വപ്പെടുത്തുകയും ക്രിസ്തുവിൽ പരിപൂർണ്ണരായിത്തീരാൻ പരിശ്രമിക്കുകയുമാണ് ചെയ്യുന്നത്. അങ്ങനെ ദൈവദത്തമായ തങ്ങളുടെ കൃത്യം മേൽപ്പറഞ്ഞവിധം നിർവഹിക്കുന്ന ദമ്പതിമാരിൽവെച്ച് പ്രത്യേകവിധം അനുസ്മരിക്കപ്പെടേണ്ടവർ ബുദ്ധിപൂർവ്വകവും പൊതുവുമായ പരിചിന്തനങ്ങൾക്കു ശേഷം ഔദാര്യപൂർവ്വം കൂടുതൽ സന്താനങ്ങളെപ്പോലും ഉചിതമായി വളർത്തിക്കൊണ്ടുവരാൻ തയ്യാറാകുന്നവരാണ്.

സന്താനോല്പാദനത്തിനുവേണ്ടി മാത്രം സ്ഥാപിക്കപ്പെട്ടതല്ല വിവാഹം. വ്യക്തികൾ തമ്മിലുള്ള അലംഘനീയമായ ഉടമ്പടിയുടെ സ്വഭാവവും കുട്ടിക

**സന്താനോത്പാദനവും മക്കളുടെ വളർത്തലും തങ്ങളുടെ പ്രത്യേക ധർമ്മമായി ദമ്പതിമാർ കരുതട്ടെ. ഇതുവഴി അവർ സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തിൽ സഹകരിക്കുകയും ഒരുതരത്തിൽ ആ സ്നേഹത്തെ വ്യാഖ്യാനിക്കുകയുമാണ് ചെയ്യുന്നതെന്നു മനസിലാക്കണം. അങ്ങനെ മാനുഷികവും ക്രിസ്തീയവുമായ ചുമതലബോധത്തോടുകൂടി അവർ തങ്ങളുടെ ജോലി നിർവഹിക്കേണ്ടതാണ്.**

ളുടെ ക്ഷേമവും ഒരുപോലെ ആവശ്യപ്പെടുന്നുണ്ട് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹം ശരിയായ വിധത്തിൽ പ്രകടിപ്പിക്കുകയും വളരുകയും പരിപക്വമാകുകയും ചെയ്യണമെന്ന്. അതിനാൽ പലപ്പോഴും ദമ്പതികളുടെ ഉല്ക്കടമായ ആഗ്രഹത്തിനു വിരുദ്ധമായി സന്താനലാഭം ഉണ്ടാകാത്തപ്പോൾ പോലും വിവാഹം ഒരു ജീവിതരീതിയും ജീവിത സംസർഗ്ഗവുമായി നിലനിൽക്കുകയും അതിന്റെ മൂല്യത്തേയും അഭേദ്യതയേയും സംരക്ഷിക്കുകയും ചെയ്യും.

(തുടരും)

# LAITY VOICE

# സഭാ ശുശ്രൂഷയിൽ വിപ്ലവകരമായ പരീക്ഷണത്തിനൊരുങ്ങി വത്തിക്കാൻ; ആമസോൺ കാടുകളിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ വിവാഹിതർക്കും സ്ത്രീകൾക്കും പുരോഹിതരാകാം



ന്യൂയോർക്ക്: പുരോഹിതന്മാരെ നിയമിക്കുന്ന കാര്യത്തിൽ താളിതുവരെ പിന്തുടർന്നുവന്നിരുന്ന കർക്കശമായ നയത്തിൽ നിന്നും കത്തോലിക്കാസഭ ഇപ്പോൾ വിപ്ലവകരമായ ചുവടുമാറ്റം നടത്തിയിരിക്കുന്നുവെന്ന് റിപ്പോർട്ട്. ഇത് പ്രകാരം വിവാഹിതർക്കും സ്ത്രീകൾക്കും കത്തോലിക്കാസഭയിൽ പുരോഹിതരാവാൻ വത്തിക്കാൻ അവസരം നൽകും. ഇതുപ്രകാരം ആമസോൺ കാടുകളിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ വിവാഹിതർക്ക് പുരോഹിതരാകുന്നതിനുള്ള അനുമതി സഭ നൽകിയിട്ടുണ്ട്. സഭാശുശ്രൂഷയിലെ വിപ്ലവകരമായ പരീക്ഷണമാണിതെന്ന് ലോകം ഇതിനെ വിലയിരുത്തുന്നു. ആമസോൺ പ്രദേശത്ത് ബിഷപ്പുമാരുടെ സിനഡിലേയ്ക്ക് വിവാഹിതരായ വയോജനങ്ങളെ പരിഗണിക്കുന്നതിന്റെ ഭാഗമായിട്ടാണ് പുതിയ നിർദ്ദേശം മുന്നോട്ടുവയ്ക്കപ്പെട്ടിരിക്കുന്നത്. ഒക്ടോബറിലായിരിക്കും വിപ്ലവകരമായ ഈ നിർദ്ദേശം നടപ്പിലാക്കുന്നത്. ഇക്കഴിഞ്ഞ ജൂൺ 17ന് വത്തിക്കാൻ പുറത്തിറക്കിയ രേഖ പ്രകാരം ഈ പ്രദേശത്ത് സ്ത്രീകളെ പുരോഹിതരായി പരിഗണിക്കുമെന്നും സൂചിപ്പിക്കുന്നുണ്ട്. നിലവിൽ ആമസോൺ പ്രദേശത്ത് മാത്രമാണ് ഈ വിട്ടുവീഴ്ചയ്ക്ക് സഭ ഒരുങ്ങുന്നതെങ്കിലും അധികം വൈകാതെ ലോകത്തിന്റെ മറ്റുഭാഗങ്ങളിലും വിവാഹിതർക്കും സ്ത്രീകൾക്കും പൗരോഹിത്യം വഹിക്കുന്നതിന് ഇത് വഴിയൊരുക്കുമെന്നാണ് ചിലർ വിശ്വസിക്കുന്നത്.


നല്ല സ്വഭാവമാണെന്നും പരിശുദ്ധമായ ജീവിതമാണ് നയിക്കുന്നതെന്നും തെളിയിക്കുന്ന വിവാഹിതരായ പുരുഷന്മാരെ പുരോഹിതരായി പരിഗണിക്കുന്നതിൽ തെറ്റില്ലെന്നാണ് കഴിഞ്ഞ ദിവസം പുറത്തിറക്കിയ രേഖയിൽ സൂചിപ്പിക്കുന്നത്. ഇത്തരം പുരുഷന്മാർ പ്രായമായവരായിരിക്കണമെന്നും പ്രാദേശിക കത്തോലിക്കാ സമൂഹത്തിൽ ഇവർ മാതൃകാപരമായി പ്രവർത്തിക്കുന്നവരായിരിക്കണമെന്നും കുടുംബങ്ങളിൽ വളർന്നവരായിരിക്കണമെന്നും ഈ രേഖ നിർദ്ദേശിക്കുന്നു. പുരോഹിതന്മാരുടെ ബ്രഹ്മചര്യമെന്നത് സഭയ്ക്ക് ഒരു വരദാനമാണെങ്കിലും ആമസോണിൽ പുരോഹിതന്മാർക്ക് ക്ഷാമം നേരിടുന്ന പ്രത്യേക സാഹചര്യത്തിൽ വിവാഹിതരും പ്രായമായവരും തദ്ദേശീയരുമായ ബഹുമാന്യ വ്യക്തിത്വങ്ങളെ പുരോഹിതരായി പരിഗണിക്കാമെന്നാണ് വത്തിക്കാൻ രേഖ വിശദീകരിക്കുന്നത്.

ലോകത്തിൽ പുരോഹിതർക്ക് ക്ഷാമം നേരിടുന്ന ഏത് പ്രദേശത്തും ആമസോണിലെ പരീക്ഷണം പ്രാവർത്തികമാക്കാമെന്നാണ് ചില കത്തോലിക്കാ പണ്ഡിതന്മാർ നിർദ്ദേശിക്കുന്നത്. പുരോഹിതക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ വിവാഹിതരെയും പൗരോഹിത്യത്തിന് പരിഗണിക്കാമെന്ന നിർദ്ദേശം 2017ൽ ഒരു ജർമ്മൻ ന്യൂസ്പേപ്പറിന് നൽകിയ അഭിമുഖത്തിൽ ഫ്രാൻസീസ് മാർപാപ്പ വ്യക്തമാക്കിയിരുന്നു. എന്നാൽ ഏതുപ്രദേശത്തും ഈ ഇളവ് നടപ്പിലാക്കില്ലെന്നും അന്ന് അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. ബ്രഹ്മചര്യമുള്ള പുരോഹിതന്മാർക്ക് മുഴുവൻ സമയവും ദൈവത്തെ സേവിക്കാനാവുമെന്നാണ് ഇതിനുള്ള ന്യായീകരണമായി പോപ്പ് അന്ന് വിശദീകരിച്ചിരുന്നത്.

യൂറോപ്പിലും നോർത്ത് അമേരിക്കയിലും കത്തോലിക്കാസഭ വർഷങ്ങളായി വേണ്ടത്ര പുരോഹിതരെ ലഭിക്കാതെ വലയുന്നുണ്ട്. ഇവിടങ്ങളിലെ പുരോഹിതന്മാർ ലൈംഗിക ആരോപണങ്ങളിൽപെടുന്നതും സഭയ്ക്ക് തിരിച്ചടിയാകുന്നുണ്ട്. അതിനിടെ ഇവിടങ്ങളിലെ സഭാംഗത്വം കുറയുന്നതും ഭീഷണിയാകുന്നുണ്ട്. ഇക്കാരണത്താൽ ഇവിടങ്ങളിലേയ്ക്ക് പുരോഹിതരെ എങ്ങനെയെങ്കിലും കണ്ടെത്താനാണ് സഭ ഇപ്പോൾ ശ്രമിക്കുന്നത്.

## കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ ദൃശ്യരൂപം പുറത്തിറക്കി

വത്തിക്കാൻ സിറ്റി: കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ ദൃശ്യരൂപം നവസുവിശേഷവത്കരണത്തിനുള്ള പൊന്തിഫിക്കൽ സംഘടന പുറത്തിറക്കി. വായിച്ച് മനസിലാക്കാൻ കഴിയാത്ത കാര്യങ്ങളെ ദൃശ്യാവിഷ്കാരത്തിലൂടെ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് വീഡിയോ കാറ്റക്കിസം ഓഫ് കാത്തലിക് ചർച്ച് എന്ന പേരിൽ പുറത്തിറക്കിയിരിക്കുന്നത്. 25 മണിക്കൂർ ദൈർഘ്യമുള്ള വീഡിയോയിൽ 46 അദ്ധ്യായങ്ങളിലായാണ് സഭയുടെ മതബോധനഗ്രന്ഥം അവതരിപ്പിക്കപ്പെടുന്നത്. എഴുപതിനായിരത്തിലധികം ആളുകളാണ് സുവിശേഷപ്രഘോഷണാർത്ഥം ഈ വീഡിയോ നിർമ്മാണത്തിൽ പങ്കുചേർന്നതെന്നതും ശ്രദ്ധേയമാണ്.




Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only
Shaiju Chacko-Mobile: +91 9562017841